**പതിനാലാംകേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3658** **11-11-2019 ൽ മറുപടി**

**<u>പ്രളയാന്തരം ഉണ്ടായ കടുത്ത വരൾച്ച</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.സ്വരാജ്** | | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) | സംസ്ഥാനത്ത് പ്രളയാനന്തരം ഉണ്ടായ കടുത്ത വരൾച്ചയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 2018-ലെ പ്രളയാനന്തരം ഉണ്ടായ വരൾച്ചയെ കുറിച്ച് കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ, ജലവിഭവ വികസന പരിപാലനകേന്ദ്രം (സി.ഡബ്ല്യൂ.ആർ.ഡി.എം) വിശദമായ പഠനം നടത്തിയിട്ടുണ്ട്. പഠനത്തിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>2018 ആഗസ്റ്റ് 22 മുതൽ സെപ്തംബർ 26 വരെയുള്ള കാലയളവിൽ മഴയുടെ ലഭ്യതയിൽ സാധാരണ ലഭ്യമാകേണ്ടതിനെ അപേക്ഷിച്ച് 76% മഴക്കുറവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ നദികളുടെ അടിത്തട്ട് വലിയതോതിൽ താഴ്ന്നത്, എക്കൽ/കളിമണ്ണ് എന്നിവ അടിഞ്ഞ് നദിയുടെ അടിത്തട്ട് ജലം താഴാത്തവിധത്തിലുള്ള പ്രതലമായി മാറിയത്, നദികളിലെ സ്വാഭാവിക/പ്രകൃതിദത്ത തടസ്സങ്ങൾ കുത്തൊഴുക്കിൽ നഷ്ടപ്പെട്ടത്, കുത്തനെയുള്ള ചരിവ് കാരണം ജലം വളരെ വേഗത്തിൽ കടൽ/കായലിലേക്ക് എത്തുന്നത് തുടങ്ങിയ ഘടകങ്ങളാണ് പഠനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. മഴയുടെ ലഭ്യതയിൽ കാര്യമായ മാറ്റം ഇല്ലായെങ്കിലും മഴയിലെ സ്ഥലകാല വ്യതിയാനം വർദ്ധിക്കുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. |
| (ബി) | ഭാവിയിൽ ഇത്തരം കടുത്ത വരൾച്ചയെ അതിജീവിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത് , വിശദാംശം അറിയിക്കാമോ? | (ബി) | ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ സാങ്കേതിക സമിതികൾ രൂപീകരിക്കുകയും നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം വിവിധ വകുപ്പുകളുടെ ഏകോപനത്തോടും ജനപങ്കാളിത്തത്തോടും തയ്യാറാക്കിയിട്ടുണ്ട്. 913 ഗ്രാമ പഞ്ചായത്ത്തല പ്ലാനുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമായി കഴിഞ്ഞു. കൂടാതെ, ചെറു തടയണകൾ, നദികൾക്ക് കുറുകെ തടയണ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് ജലസംഭരണ-ഭൂജലപോഷണ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. സാധ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ ജലസേചനവകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.<br><br>ആവർത്തിച്ചുണ്ടാകുന്ന ജലദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം വേണ്ട രീതിയിൽ സംഭരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനും വിതരണശൃംഖലയിലുണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | ലീക്കുകൾ സമയബന്ധിയായി പരിഹരിക്കുന്നതിനും ഗ്യാലറി,ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയുംനീക്കം ചെയ്യുന്നതിനും, ജലചൂഷണം,<br>ജലദുരുപയോഗം എന്നിവ തടയുന്നതിന് വേണ്ട<br>ബോധവൽകരണം നൽകൽ എന്നീ നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ച് വരുന്നു.<br><br>ഭൂജലവകുപ്പിന്റെ കീഴിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജലസംപോക്ഷണ മാർഗ്ഗങ്ങൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷം വകുപ്പിന് 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. 125 റീചാർജ്ജ് പിറ്റ് പദ്ധതി, 19 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾക്കും, 10 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുള്ള 261 ലക്ഷം രൂപയുടെ സാങ്കേതികാനുമതി വിവിധ ജില്ലകൾക്കു നൽകിയിട്ടുണ്ട്. ആയതിൽ 30 റീചാർജ്ജ് പിറ്റ് / തുറന്ന കിണർ റീചാർജ്ജ് പദ്ധതികളും, 2 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികളും ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. ജില്ലകളിൽ നിന്ന് ലഭിച്ച 12 തടയണ, 18 റീചാർജ്ജ് പിറ്റ് പദ്ധതി, 44 തുറന്ന കിണർ റീചാർജ്ജ്, 23 കുഴൽക്കിണർ റീചാർജ്ജ്, 2 അടിയണകളുടെ നിർമ്മാണം, 6 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തികളുടെ പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. ആയതിന് സാങ്കേതികാനുമതി ഉടൻ തന്നെ ലഭ്യമാക്കുന്നതാണ്. കൂടാതെ വരൾച്ചയെ നേരിടുന്നതിനായി ചെറുകിട കുടിവെള്ള പദ്ധതി, കുടിവെള്ള പദ്ധതി പുനരുദ്ധാരണം, ഹാൻഡ് പമ്പ് റിപ്പയർ എന്നീ പ്രവർത്തികളും ഭൂജലവകുപ്പ് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ